"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- പോഷൻ അഭിയാൻ-NIFTEM Rice Fortification പഠനം നടത്തിയത് അവസാന ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.123/2024/WCDD തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം. 495/2021/SJD തീയതി 25.07.2021
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 30.12.2021 ലെ WCD/NNM2/26/2020 നമ്പർ നടപടിക്രമം.
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.11.2022 ലെ WCD/S/NNM2/26/2020 നമ്പർ നടപടിക്രമം.
4. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09.01.2024 ലെ DWCDO/9/2023-SA1 NNM നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതിയിലെ ഫ്ലെക്സി ഫണ്ട് സംസ്ഥാന സർക്കാരിന്റെ അനുമതിയോടെയും SLSC അംഗീകാരത്തോടെയുമാണ് ചെലവഴിച്ചിരുന്നത്. പോഷൻ അഭിയാൻ ഫ്ലെക്സി ഫണ്ടിൽ നിന്നുമായിരുന്നു NIFTEM ഹരിയാനയുമായി ചേർന്ന് നടത്തിയ പദ്ധതികളായ ന്യൂട്രീഷണൽ സ്റ്റഡി, ലാക്ടേഷൻ കുക്കീസ് മുതലായ പദ്ധതികൾക്ക് തുക വിനിയോഗിച്ചിരുന്നത്.

(2) പോഷൻ അഭിയാൻ പദ്ധതിയുടെ നേതൃത്വത്തിൽ കേരളത്തിലെ വയനാട് ജില്ലയിൽ ഹരിയാനയിലെ NIFTEM എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ Rice Fortification Baseline study നടത്തുന്നതിന് പരാമർശം (1) പ്രകാരം ₹9,20,106/- (ഒൻപത് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റി ആറു രൂപ മാത്രം) "2235-02-102-50(P)" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം പ്രോജക്റ്റ് തുകയുടെ 40% തുകയായ ₹3,68,042/- (മൂന്നു ലക്ഷത്തി അറുപത്തി എട്ടായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) രൂപ ആദ്യ ഗഡുവായി "2235-02-102-50(P)" എന്ന ശീർഷകത്തിൽ നിന്നും, പരാമർശം (3) പ്രകാരം പ്രോജക്റ്റ് തുകയുടെ 40% തുകയായ ₹3,68,042/- (മൂന്നു ലക്ഷത്തി അറുപത്തി എട്ടായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) രണ്ടാം ഗഡു ആയി പോഷൻ അഭിയാൻ പദ്ധതിയുടെ "2235-02-102-28-(P)" SNA അക്കൗണ്ടിൽ നിന്നും ഫ്ലെക്സി component ആയി NIFTEM ഹരിയാനയ്ക്ക് നൽകിയിരുന്നതായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) ഭരണാനുമതി ഉത്തരവ് പ്രകാരം "2235-02-102-50(P)" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ട രണ്ടാം ഗഡു തുകയായ ₹3,68,042/- (മൂന്നു ലക്ഷത്തി അറുപത്തി

എട്ടായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതിയുടെ "2235-02-102-28-(P)" SNA അക്കൗണ്ടിൽ നിന്നും ഫ്ലെക്സി component ആയി ചെലവഴിച്ച നടപടി സാധൂകരിച്ച് നൽകണം എന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിനു ആവശ്യമായ തുക 2021-2022 സാമ്പത്തിക വർഷം വിനിയോഗിക്കാൻ ആണ് ഉത്തരവ് നൽകിയിരുന്നതെങ്കിലും ടി കാലയളവിൽ കൊറോണ മഹാമാരി ആയതിനാൽ പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം നേരിടുകയും 2023-2024 സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിച്ച് MOU പ്രകാരം പൂർണ്ണമായ റിപ്പോർട്ട് വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ആയത് MOU പ്രകാരം വകുപ്പ് തല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതായും, ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിച്ച സാഹചര്യത്തിൽ പദ്ധതിയുടെ അവസാന ഗഡു ആയ ₹1,84,021/- (ഒരു ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുപത്തി ഒന്ന് രൂപ മാത്രം) "2235-02-102-50(P)" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാനുള്ള അനുമതി നൽകണമെന്നും പരാമർശം(4) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിച്ച് MOU പ്രകാരം പൂർണ്ണമായ റിപ്പോർട്ട് വകുപ്പിന് സമർപ്പിക്കുകയും ആയത് MOU പ്രകാരം വകുപ്പ്തല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് പുതുക്കികൊണ്ടും, അവസാന ഗഡു ആയ ₹1,84,021/-(ഒരു ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുപത്തി ഒന്ന് രൂപ മാത്രം) "2235-02-102-50(P)" ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ.M.S.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-1/25/2024-FIN (2679101)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 22-03-2024 14:32:46

സെക്ഷൻ ഓഫീസർ